**അവലോകനം**

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനമാണ് ഇന്ന് അവസാനിക്കുന്നത്. സെപ്റ്റംബർ 26-ാം തീയതി ആരംഭിച്ച് ഇന്ന് സമ്മേളനം അവസാനിക്കുമ്പോൾ സഭ ആകെ 26 ദിവസം സമ്മേളിക്കുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്മേലുള്ള ധനാഭ്യർത്ഥനകൾ ചർച്ചചെയ്ത് പാസ്സാക്കുക എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ മുഖ്യ കാര്യപരിപാടി. ധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കായി മാറ്റിവച്ച 12 ദിവസം പരമാവധി ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് അംഗങ്ങൾ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി.

ഈ സമ്മേളനത്തിൽ ചോദ്യങ്ങൾക്കുള്ള 13241 നോട്ടീസുകൾ ലഭിക്കുകയുണ്ടായി. അതിൽ 8326 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കുള്ള നോട്ടീസുകളും 4915 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്കുള്ള നോട്ടീസുകളും ഉൾപ്പെടുന്നു. അടിയന്തര ചോദ്യങ്ങൾക്കായി ഏഴ് നോട്ടീസുകളും അരമണിക്കൂർ ചർച്ചയ്ക്കായി മൂന്ന് നോട്ടിസുകളും ലഭിച്ചിരുന്നു. സമ്മേളനകാലത്ത് ലിസ്റ്റ്

ചെയ്യപ്പെട്ട 810 സ്റ്റാർഡ് ചോദ്യങ്ങളിൽ 83 ചോദ്യങ്ങൾക്ക് വാങ്മൂലം മറുപടി നൽകുകയുണ്ടായി. ആകെ 673 ഉപചോദ്യങ്ങൾ സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. നക്ഷത്ര ചിഹ്നമിടാത്ത 6767 ചോദ്യങ്ങളാണ് ലിസ്റ്റ് ചെയ്യപ്പെട്ടത്. അടിയന്തര ചോദ്യങ്ങളിൽ ഒരെണ്ണം മാത്രമാണ് സഭയിൽ ഉന്നയിക്കാൻ അവസരം ലഭ്യമായത്. സമ്മേളന കാലയളവിൽ 40 ശ്രദ്ധക്ഷണിക്കലുകളും 210 സബ്മിഷനുകളും സഭയിൽ ഉന്നയിക്കുകയുണ്ടായി. അതൊടൊപ്പം വിവിധ രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു.

ചട്ടം 50 പ്രകാരം അടിയന്തര പ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള 19 നോട്ടീസുകൾ സഭ പരിഗണിക്കുകയുണ്ടായെങ്കിലും സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയങ്ങളൊന്നും തന്നെ സഭ ചർച്ച ചെയ്യുകയുണ്ടായില്ല.

ഇന്ത്യാ - പാക് അതിർത്തിയിലെ ഭീകരാക്രമണങ്ങളെ ചെറുത്ത

സൈന്യത്തോട് സർവ്വവിധ പിന്തുണയും നൽകിക്കൊണ്ട് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു.

ദേശീയ ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കൽ മൂലം സംസ്ഥാനത്ത് ലഭ്യമാകുന്ന സബ്സിഡി ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത കുറയ്ക്കാതെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയവും സഭ പാസ്സാക്കി.

ഈ സമ്മേളനത്തിൽ ചട്ടം 130 പ്രകാരം രണ്ട് ഉപക്ഷേപങ്ങൾ സഭ പരിഗണിക്കുകയും വ്യത്യസ്തങ്ങളായ രണ്ട് വിഷയങ്ങളെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. അതിന്റെ ഭാഗമായി ചട്ടം 275 പ്രകാരമുള്ള രണ്ട് സബ്സ്റ്റാന്റീവ് മോഷനുകൾ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

നിയമസഭാ സമിതികളുടെ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങളെ സംബന്ധിക്കുന്ന ചർച്ചകൾ സഭയിൽ നടത്തുന്നതിലേയ്ക്കായി നിയമസഭാ ചട്ടങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ട പുതിയ ചട്ടം 205 (ബി) അനുസരിച്ച് പതിമൂന്നാം കേരള നിയമസഭയിലെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാറാമത്

റിപ്പോർട്ടിലെ ഉള്ളടക്കത്തെ സംബന്ധിച്ച് ഒരു ചർച്ച നടത്തുവാനും ഈ സമ്മേളന കാലഘട്ടത്തിൽ അവസരമുണ്ടായി.

ചട്ടം 58 അനുസരിച്ച്, പൊതു പ്രാധാന്യമുള്ള വിഷയത്തെ ആധാരമാക്കി നടത്തുന്ന ചർച്ചയുടെ ഭാഗമായി വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ചുള്ള ഒരു മണിക്കൂർ ചർച്ചയും ഈ സമ്മേളനത്തിലെ ഒരു പ്രത്യേകതയായിരുന്നു. ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയും ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രിയും സഭയിൽ ചട്ടം 300 പ്രകാരമുള്ള പ്രസ്താവനകൾ നടത്തുകയുണ്ടായി.

2016-17 വർഷത്തെ ധനാഭ്യർത്ഥനകളേയും ഉപധനാഭ്യർത്ഥനകളേയും സംബന്ധിക്കുന്ന രണ്ട് ധനവിനിയോഗ ബില്ലുകൾ, 2016-ലെ കേരള ധനകാര്യ ബിൽ, 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ എന്നിവ ഉൾപ്പെടെ എട്ട് നിയമങ്ങൾ ഈ സമ്മേളന കാലഘട്ടത്തിൽ സഭ പാസ്സാക്കുകയുണ്ടായി.

അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായുള്ള മൂന്ന് ദിനങ്ങൾ ഈ സമ്മേളന കാലയളവിൽ ലഭ്യമായിരുന്നു. അതിൽ രണ്ട് ദിവസം അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾക്കും ഒരു ദിവസം പ്രമേയങ്ങൾക്കുമായി മാറ്റിവയ്ക്കപ്പെട്ടു. അതിൽ എട്ട് അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ സഭയുടെ മുമ്പാകെ വരികയും അവ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കുകയും ചെയ്തു. പുതിയ അംഗങ്ങൾ ഇക്കാര്യത്തിൽ കാണിച്ചിട്ടുള്ള അതീവ ഔത്സുക്യവും അതിനുവേണ്ടി നടത്തിയ ഗൃഹപാഠവും ശ്രദ്ധേയമായിരുന്നു. ചെയർ അവരെ എല്ലാവരേയും അഭിനന്ദിക്കുന്നു. ഒരു അനൗദ്യോഗിക പ്രമേയവും സഭയിൽ ചർച്ച ചെയ്യുകയുണ്ടായി.

ഐക്യകേരളപ്പിറവിയുടെ 60-ാം വാർഷികം ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളോടെ ആഘോഷിക്കുവാൻ തീരുമാനിക്കപ്പെട്ട സാഹചര്യത്തിൽ 60-ാം വാർഷിക ദിനമായ നവംബർ 1-ാം തീയതി സഭ ഒരു പ്രത്യേക യോഗം ചേരുകയും വിവിധ കക്ഷി നേതാക്കൾ യോഗത്തിൽ സംസാരിക്കുകയും ചെയ്തു. തുടർന്ന് നിയമസഭാ സമുച്ചയത്തിൽ

കേരള നിയമസഭയും കേരള സർക്കാരും സംയുക്തമായി സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങളെ പങ്കെടുപ്പിച്ച് പൊതുസമ്മേളനവും കലാസാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി.

രണ്ടാം സമ്മേളനം വിജയകരമായി നടത്തുവാൻ സഹായിച്ച ബഹു. മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മന്ത്രിമാർ, വിവിധ കക്ഷിനേതാക്കൾ, സഭയുടെ നടപടി ക്രമങ്ങളോട് പരമാവധി സഹകരിച്ച് സഭാ നടപടിക്രമങ്ങൾ വിജയിപ്പിച്ച നിയമസഭാംഗങ്ങൾ, ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ തുടങ്ങി എല്ലാപേർക്കും ചെയർ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. 26 ദിവസം നീണ്ടുനിന്ന ഈ സമ്മേളനം സുഗമമായി നടപ്പിലാക്കാൻ നിയമസഭാ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായ ആത്മാർത്ഥമായ സഹകരണത്തിനും ചെയർ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

എല്ലാവർക്കും ഹൃദ്യമായ ക്രിസ്തുമസ് - നവവത്സരാശംസകൾ നേരുന്നു.

ഒരിക്കൽക്കൂടി എല്ലാവർക്കും ആശംസകൾ നേർന്നുകൊണ്ട് ഈ സമ്മേളനം അവസാനിച്ചതായി പ്രഖ്യാപിക്കുന്നു.

ഓർഡർ....... ഓർഡർ...... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.32-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)